പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3635 | 15.03. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി യിലെ ലൈൻ വർക്കർമാരെ സ്ഥിരപ്പെടുത്തൽ

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ ലൈൻ വർക്കർമാരെ സ്ഥിര പ്പെടുത്തണമെന്ന് 2016 ൽ ഹൈക്കോടതി വിധി പ്രസ്താ-വിക്കുകയുണ്ടായോ;<br>(ബി) എങ്കിൽ വിധിയുടെ അടിസ്ഥാനത്തിൽ കെ. എസ്.ഇ.ബി. ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;<br>(സി) വിധിയുടെ അടിസ്ഥാ നത്തിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോയെ ന്നും എങ്കിൽ എത്രപേരെ-യെന്നും വ്യക്തമാക്കുമോ;<br>(ഡി) ഇല്ലെങ്കിൽ സ്ഥിരപ്പെട്ടു-ത്താതിരിക്കുന്നതിന്റെ കാര-ണമെന്താണ്;<br>(ഇ) വിധിക്കെതിരെ കെ.എസ് .ഇ.ബി അപ്പീൽ നൽകിയി -ട്ടുണ്ടോ; ഇല്ലെങ്കിൽ വിധി നടപ്പാക്കുന്നതിനുള്ള തടസ്സം എന്താണ്; വ്യക്തമാക്കാമോ? | (എ), (ബി), (സി), (ഡി) & (ഇ) പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ 27/2002 നമ്പർ കേസിലെ 15.12.2014-ലെ അവാർഡ് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ 15.12.2014 തീയതിയിൽ 1200 ദിവസമോ അതിൽകൂടുതലോ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന പെറ്റി കോൺട്രാക്ടർമാരെയും, കോൺട്രാക്ട് ലൈൻ വർക്കർമാരെയും സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി അർഹതപ്പെട്ടവരുടെ ഒരു സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിന് ഉത്തരവായിരുന്നു. തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ കരട് ലിസ്റ്റ് തയ്യാറാക്കുവാനും ടി കരട് ലിസ്റ്റിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ലേബർ കമ്മീഷണർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ കേട്ട് ടി കരട് ലിസ്റ്റ് അന്തിമമായി പ്രസിദ്ധപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. അതിനെ തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമായി നിരവധി കേസുകൾ വരികയും 2016 ലടക്കം അവയിന്മേലുണ്ടായ വിധിയനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ കൈകൊള്ളുകയുണ്ടായി.<br>അതിന്റെ ഭാഗമായി ലേബർ ഡിപ്പാർട്ട്മെന്റ് 5 ഘട്ടങ്ങളായി തയ്യാറാക്കിയ 3035 പേരുടെ അന്തിമ ലിസ്റ്റ് എഴുത്തുപരീക്ഷയും കായികക്ഷമതാപരീക്ഷയും നടത്തി നിയമനത്തിന് അനുയോജ്യമായ തരത്തിൽ ലഭ്യമാക്കുന്നതിനായി പി.എസ്.സി.യ്ക്ക് കൈമാറുകയും അങ്ങനെ നിലവിൽ വരുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനത്തിന് ശുപാർശ ചെയ്യാനായി 14 ജില്ലകളിലായി 1486 ഒഴിവുകൾ കണ്ടെത്തി റിസർവ്വ് ചെയ്ത് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുകയും അതിനുള്ള ബോർഡുത്തരവുകൾ പുറപ്പെടുവിക്കുകയു-മുണ്ടായി.<br>മസ്ദൂർ തസ്തികയിൽ സ്ഥിരം നിയമനം നൽകുന്നതിലേയ്ക്കായി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തിയ യോഗ്യതാ പരീക്ഷയിൽ പങ്കെടുത്ത എസ്.എസ്.എൽ.സി. പരീക്ഷ |

| | |
|---|---|
| | പാസ്സായവരെയും എസ്.എസ്.എൽ.സി. പരീക്ഷ പാസാകാത്ത - വരെയും ഉൾപ്പെടുത്തി പി.എസ്.സി. 2488 പേരുടെ ഒരു റാങ്ക് പട്ടിക തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WP (C) No.28758/2016-ന് മേൽ പുറപ്പെടുവിച്ച വിധി പ്രകാരം എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കി. ജില്ലാടിസ്ഥാനത്തിൽ (മസ്ദൂർ തസ്തികയിലെ നിയമനം ജില്ലാടിസ്ഥാനത്തിലാണ് നടന്നു വരുന്നത്) റാങ്ക് പട്ടിക തയ്യാറാക്കി നൽകാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നുള്ള മറുപടി 09.03.2018-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ലഭിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടി ഉടനെതന്നെ സ്വീകരിക്കുന്നതാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ ആരെയും മേൽപട്ടികയിൽ നിന്നും സ്ഥിരപ്പെടുത്തിയിട്ടില്ല.<br>ഏറ്റവും അവസാനം വന്ന ഹൈക്കോടതി വിധിയനുസരിച്ച് പത്താംതരം പാസായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കി നിയമനം നടത്താനുള്ള നീക്കം തടയണമെന്നാവശ്യപ്പെട്ട് ആദ്യകാലത്തു തയ്യാറാക്കിയ കേവലം 1001 പേരടങ്ങുന്ന ലിസ്റ്റിൽ നിന്നും മാത്രം നിയമനം പരിമിതപ്പെടുത്തണമെന്നാവശ്യപ്പെട്ടും സുപ്രീം- കോടതിയിലടക്കം കേസുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ